# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.792** | **03/12/2014-ൽ മറുപടിക്ക്**

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാന ആരോഗ്യ വകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റ് പ്രകാരം പ്രതിവർഷം 200 കോടിയിൽ അധികം രൂപയ്ക്കുള്ള ജനറിക് മരുന്നുകൾ കോർപ്പറേഷൻ സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികൾ മുഖേന വിതരണം ചെയ്തു വരുന്നു. (ഇതുകൂടാതെ കോർപ്പറേഷനു കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന 100 കോടി രൂപയ്ക്കു മുകളിൽ ബ്രാൻഡഡ് മരുന്നുകളും കോർപ്പറേഷൻ വിപണിയിൽ വിൽപ്പന നടത്തുന്നുണ്ട്.) |
| (ബി) | ഇങ്ങനെ സംഭരിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി)<br>&<br>(സി) | അവശ്യമരുന്നു വിതരണത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മരുന്നു കമ്പനികൾ അവരുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് വിതരണം ചെയ്യുന്നതോടൊപ്പം ഓരോ ബാച്ച് എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ പരിശോധനാ റിപ്പോർട്ട് നൽകണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ഓരോ വർഷവും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ 10% റാൻഡമായി സാമ്പിൾ എടുത്ത് കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലാബുകളിൽ അയച്ച് ഗുണനിലവാര പരിശോധന ഉറപ്പുവരുത്താറുണ്ട്. ഇതിനായി ഇന്ത്യയൊട്ടാകെയുള്ള എട്ട് ലാബുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ, പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവച്ച്, പരാതി ലഭിച്ച ആശുപത്രിയിൽ നിന്നും ശേഖരിച്ച് വിശദമായ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്തുള്ള ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് പരിശോധന നടത്താറുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്ന പല ആന്റിബയോട്ടിക്കുകൾക്കും ഉദ്ദേശിച്ച ഫലം കിട്ടാത്തത് ഗുണനിലവാരം കുറവായതുകൊണ്ടാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |

| | | | |
|---|---|---|---|
| (ഡി) | ഛത്തീസുഖഡിലെ റായ്പൂരുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഡി) | നിലവിലുള്ള നടപടികൾ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ